©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

## പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2022 ജൂലൈ 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2016-2019) യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021- 2023)

## അഞ്ചാമത് റിപ്പോർട്ട്

(2022 ജൂലൈ 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2016-2019) യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

921/2022.

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എ.സി. മൊയ്തീൻ എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. എ. കെ. എം. അഷ്റഫ്, എം. എൽ. എ.

ഡോ. കെ. ടി. ജലീൽ, എം. എൽ. എ.

ശ്രീ. മാണി സി. കാപ്പൻ, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. പ്രമോദ് നാരായൺ, എം. എൽ. എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം. എൽ. എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2016-19)യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 മേയ് 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ.സി. മൊയ്തീൻ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 മേയ് 4.

# റിപ്പോർട്ട്

സ്വന്തം ചുറ്റുപാടുകൾക്കനുയോജ്യമായി ജീവിതം പാകപ്പെടുത്തിയിരുന്ന മനുഷ്യൻ കാലത്തിനനുസരിച്ച് തന്റെ ലോകം വിപുലപ്പെടുത്താനായി പുതിയ സാധ്യതകൾ അന്വേഷിച്ചു തുടങ്ങിയത് ഒരു നൂതന പ്രവാസ ജീവിതക്രമത്തിന് തുടക്കം കുറിച്ചു. സ്വതസിദ്ധമായ ജിജ്ഞാസയും അന്വേഷണാത്മകതയും ശാസ്ത്രബോധവുമായി മനുഷ്യൻ മുന്നോട്ടുപോയപ്പോൾ പ്രകൃതിയുടെ അമൂല്യനിധികൾ അവനു മുന്നിൽ അനാവൃതമായി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ സാന്നിധ്യവും അനുബന്ധ വ്യവസായങ്ങളും ഗൾഫ് മേഖലയെ സമ്പന്നമാക്കിയപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഗൾഫിലേയ്ക്ക് ജനപ്രവാഹം ആരംഭിച്ചു. ഭാരതത്തിന്റെ പ്രത്യേകിച്ച് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഗൾഫ് പണത്തിന്റെ സ്വാധീനം വലുതാണ്. വ്യാപാരാവശ്യങ്ങൾക്കും മറ്റുമായി പ്രവാസജീവിതം തുടങ്ങിയ മനുഷ്യൻ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ വ്യാപനത്തെ തുടർന്ന് ഉയർന്ന ജീവിത നിലവാരവും തൊഴിൽ സാധ്യതകളും അന്വേഷിച്ച് ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലേയ്ക്ക് കുടിയേറാൻ തുടങ്ങിയതോടെ പ്രവാസം ഒരു ആധുനിക ജീവിതക്രമമായി മാറിയിരിക്കുന്നു.

പ്രവാസം, ഒരിക്കൽ രുചിച്ചാൽ വീണ്ടും വീണ്ടും തിരികെ വിളിക്കുന്നൊരു പ്രതിഭാസമാണ്. സുരക്ഷ തേടിയുള്ള സഞ്ചാരമാണ് പ്രവാസ ജീവിതത്തിന് നിദാനം. ഉറ്റവരുടെയും ഉടയവരുടെയും മാത്രമല്ല, മാതൃരാജ്യത്തിന്റെയും നിലനിൽപ്പിനായി മണൽക്കാടുകളിൽ ചോര നീരാക്കി അതിജീവന ചരിത്രത്തിന്റെ പുത്തൻ ഏടുകൾ രചിക്കുന്നവരാണ് പ്രവാസികൾ. ഉപജീവനം ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു കേരളം ഉൾപ്പെടെയുള്ള ഇന്ത്യൻ പ്രവാസത്തിന്റെ പൊതുസ്വഭാവം. കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിനും അതുമൂലം ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രശ്നങ്ങളെ തടയിടുന്നതിനും അന്യദേശങ്ങളിലെ തൊഴിലവസരങ്ങൾക്ക് സാധിച്ചു.

അവസരങ്ങൾക്കൊപ്പം പ്രതിസന്ധികളും പ്രവാസികൾ അഭിമുഖീകരിക്കേണ്ടി വരുന്നു എന്നതിൽതന്നെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് ഒരു സാമൂഹ്യ പ്രതിബദ്ധതയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 1-10-2015 മുതൽ 31-12-2016 വരെയുള്ള കാലയളവിൽ സമിതി നടത്തിയ പ്രവർത്തനങ്ങളും പരിഗണനയിലുള്ള ഹർജികളും സമർപ്പിച്ച റിപ്പോർട്ടുകളും സമിതിയുടെ ഇടപെടൽമൂലം

പരിഹരിക്കപ്പെട്ട വിഷയങ്ങളും സമിതിയുടെ വിവിധ ശിപാർശകളും കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ മൂന്നാമത് റിപ്പോർട്ട് 2017 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019) യുടെ മൂന്നാമത് റിപ്പോർട്ടിലെ ഏഴ് ശിപാർശകളിന്മേൽ കേരളീയ പ്രവാസികാര്യം, ഇലക്ഷൻ (ജനറൽ) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ 1-9-2021, 3-2-2022 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ എന്നിവയ്ക്ക് കേരളീയ പ്രവാസികാര്യം, ഇലക്ഷൻ (ജനറൽ) എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

## സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും

### ശിപാർശ -I (ഖണ്ഡിക-11)

വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി 2009-ൽ ആരംഭിച്ച കാരുണ്യം പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. എംബസിയോ, സ്പോൺസർമാരോ ഈ വിഷയത്തിൽ ഇടപെട്ട് തുക ചെലവഴിച്ചിട്ടുണ്ടോയെന്ന കൺഫർമേഷൻ എംബസിയിൽ നിന്ന് വാങ്ങണമെന്ന വ്യവസ്ഥ മൂലമാണ് ഇക്കാര്യത്തിൽ അകാരണമായ കാലതാമസമുണ്ടാകുന്നതെന്ന് കാണുന്നു. കാരുണ്യം പദ്ധതി പ്രകാരം മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

എംബസ്സികളിൽ നിന്നും സമയബന്ധിതമായി അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമാകാത്തതാണ് കാരുണ്യം പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന് പ്രധാന കാരണം. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ രൂപീകരിച്ചിട്ടുള്ള എമർജൻസി അസിസ്റ്റൻസ് ഫണ്ട് വിനിയോഗിച്ച് പ്രവാസികൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിൽ, വിദേശത്ത് മരണപ്പെടുന്ന/അപകടങ്ങളിൽപ്പെട്ടവരെ വിമാനത്താവളങ്ങളിൽ സ്വീകരിച്ച് അതാത് പ്രദേശങ്ങളിലേയ്ക്ക്/ ആശുപത്രികളിലേക്ക്

എത്തിക്കുന്നതിനായി എമർജൻസി റിപാട്രിയേഷൻ ഫണ്ട് എന്ന പദ്ധതിയുണ്ട്. ഇതിന്റെ ഉപപദ്ധതിയായ നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം പദ്ധതി പ്രകാരം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം സൗജന്യമായി നാട്ടിലെത്തിക്കുകയും ചെയ്യുന്നുണ്ട്.

കൂടാതെ, നോർക്ക റൂട്ട്സും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ച്, അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന മലയാളികളെ അല്ലെങ്കിൽ മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിൽ നിന്നും, കൂടാതെ മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ നിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്നതിനായി നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസും ആരംഭിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യവകുപ്പ് 2-8-21-ലെ ബി2/163/2018-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1-9-21 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

<u>ശിപാർശ - 2 (ഖണ്ഡിക - 12)</u>

പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ ഇടപെടുന്നതിനും, നിയമസഹായം വേണ്ട സന്ദർഭങ്ങളിൽ അടിയന്തരമായി പ്രവർത്തിക്കുന്നതിനും വേണ്ടി രൂപം കൊണ്ട അർദ്ധ ജുഡീഷ്യറി സംവിധാനത്തോടു കൂടിയ പ്രവാസികാര്യ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കമ്മീഷനിൽ അംഗങ്ങളുടെ അഭാവവും, അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യവും ഉള്ളതിനാൽ കാര്യക്ഷമമായ പ്രവർത്തനം നടത്താൻ സാധിക്കുന്നില്ലെന്നത് ഖേദകരമാണ്. നൂറു കണക്കിന് കേസുകൾ തീർപ്പു കല്പിക്കുന്നതിനായി ഉള്ളപ്പോൾ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമല്ലാതെ പോകുന്നത് ഗൗരവമേറിയ വിഷയമായി സമിതി കണക്കാക്കുന്നു. ആയതിനാൽ പ്രവാസികാര്യ കമ്മീഷന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നടപടികൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ മുൻപാകെ ലഭ്യമാകുന്ന പരാതികളിൽ തീർപ്പുണ്ടാക്കുന്നതിനായി ബഹു. കമ്മീഷൻ, 2015 -ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റിന്റെ ചട്ടം 7 പ്രകാരം, സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി രണ്ട് മാസത്തിലൊരിക്കൽ അദാലത്തുകളും യോഗങ്ങളും സംഘടിപ്പിച്ചു വന്നിരുന്നു. കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഇവ സഹായിച്ചിട്ടുണ്ട്. എന്നാൽ കോവിഡ്-19-ന്റെ

പശ്ചാത്തലത്തിൽ ഇപ്പോൾ ഇത്തരം അദാലത്തുകൾ നടത്തുവാൻ കഴിയുന്നില്ല. പ്രവാസികാര്യ കമ്മീഷന്റെ ജോലിഭാരം ഏറെ വർദ്ധിച്ച സാഹചര്യത്തിൽ കമ്മീഷൻ ഓഫീസ് പ്രവർത്തനത്തിനായി അനുവദിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, അസിസ്റ്റന്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾക്ക് പുറമെ സെക്ഷൻ ഓഫീസർ, കോർട്ട് ഓഫീസർ, ജൂനിയർ ക്ലർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പാർട്ട്ടൈം സ്വീപ്പർ എന്നിങ്ങനെ അഞ്ച് (5) തസ്തികകൾ കൂടി സൃഷ്ടിക്കുന്നത് സർക്കാർ പരിഗണിച്ചു വരികയാണ്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 2-8-21 -ലെ ബി2/163/2018-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1-9-21 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ - 3 (ഖണ്ഡിക - 13)</u>

ഗൾഫ് മലയാളികളുടെ നിത്യ ആശങ്കയായ വിമാനയാത്രാ കൂലിയിലെ വർദ്ധനവ് കുറയ്ക്കുന്നത് സംബന്ധിച്ച് സമിതിയുടെ നിരവധി റിപ്പോർട്ടുകളിൽ ശക്തമായി ആവശ്യപ്പെട്ടിട്ടും ആയത് സംബന്ധിച്ച് കൃത്യമായ മറുപടിയോ, അനുകൂലമായ തീരുമാനങ്ങളോ സർക്കാർ/ കേന്ദ്രസർക്കാർ തലങ്ങളിൽ നിന്നും ലഭിച്ചിട്ടില്ലെന്നത് വർദ്ധിച്ച ഉത്കണ്ഠയോടെ സമിതി മനസ്സിലാക്കുന്നു. ഉത്സവ സമയങ്ങളിലും, അടിയന്തര ഘട്ടങ്ങളിലും സമ്പാദ്യം മുഴുവനും ചെലവിട്ട് നാട്ടിലെത്തേണ്ട ഗതികേടിലുള്ള മലയാളികൾ, കാലാകാലങ്ങളായി അപേക്ഷിക്കുന്ന പ്രസ്തുത വിഷയത്തിൽ എത്രയും വേഗം അനുകൂല നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

ഈ വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാകയാൽ, വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബഹു. മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്ര വ്യോമയാന മന്ത്രാലയമല്ലെന്നും, 1937 -ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാനിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും, വിമാന യാത്രക്കൂലിയിൽ വൻ വർദ്ധന വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയുവാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യം കേന്ദ്ര സർക്കാർ മുൻപാകെ ഉന്നയിച്ചിട്ടുണ്ട്.

വിമാന യാത്രക്കൂലി വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും, സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും, വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 2-8-21-ലെ ബി2/163/2018-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1-9-21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

<u>ശിപാർശ - 4 (ഖണ്ഡിക - 14)</u>

പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നവരുടെ സംഖ്യയിലുണ്ടായ പതിന്മടങ്ങ് വർദ്ധനവ് ആശാവഹമായ സംഗതിയാണെങ്കിലും ആയതിനനുസരിച്ച് ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും കുടിശ്ശിക തുക ഒറ്റത്തവണ ഒടുക്കി അംഗത്വം പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും പെൻഷൻ തുക കൃത്യമായി വിതരണം നടത്തണമെന്നും മറ്റ് ആനുകൂല്യങ്ങളിൽ കാലതാമസം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി ഖണ്ഡിക 21 പ്രകാരം, അംശദായം ഒടുക്കുന്നതിൽ ഒരു വർഷമോ അതിലധികമോ വീഴ്ച വരുത്തുന്നവരുടെ അംഗത്വം സ്വമേധയാ റദ്ദാകുമെങ്കിലും, കുടിശ്ശികയായ അംശദായ തുകയും പിഴയും അടയ്ക്കുന്ന മുറയ്ക്ക് അംഗത്വം പുനഃസ്ഥാപിച്ചു നൽകാറുണ്ട്. ഇതിന് പുറമേ, പല ഘട്ടങ്ങളിലും പിഴ കൂടാതെ കുടിശ്ശിക മാത്രം അടച്ച് അംഗത്വം പുതുക്കുന്നതിനും ക്ഷേമനിധി അംഗങ്ങൾക്ക് സൗകര്യം നൽകുന്നുമുണ്ട്. കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ അംശദായ കുടിശ്ശിക വരുത്തി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും, പിഴ പലിശയും 6 മാസക്കാലത്തേക്ക് ഒഴിവാക്കിയിരുന്നു. പിഴയിനത്തിൽ ബോർഡിനു ലഭ്യമാകേണ്ട 2 കോടി രൂപയോളം ഇപ്രകാരം ബോർഡ് ഒഴിവാക്കിയിട്ടുണ്ട്. അർഹരായ എല്ലാവർക്കും പെൻഷൻ തുക കൃത്യമായി വിതരണം ചെയ്യുകയും, ആനുകൂല്യങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ സാധുവായുള്ളവയ്ക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 2-8-21-ലെ ബി2/163/2018-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1-9-21 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

ശിപാർശ - 5 (ഖണ്ഡിക - 15)

ഇന്ത്യൻ ജനാധിപത്യ സമ്പ്രദായത്തിൽ പ്രവാസി ഇന്ത്യക്കാരുടെയും അതിൽ പ്രവാസി മലയാളികളുടെയും ചിരകാല സ്വപ്നമായ പൊതുതെരഞ്ഞെടുപ്പുകളിലെ സമ്മതിദാനാവകാശം പ്രവാസി മുക്ത്യാർ വോട്ടാക്കുന്നതിൽ ധാരാളം ആശങ്കകൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. 'പ്രോക്സി' വോട്ട് സംബന്ധിച്ച് പരാതികൾ ഉള്ളതിനാൽ അടിയന്തരമായി ഈ വിഷയത്തിൽ വകുപ്പ് ഇടപെട്ട് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഇലക്ഷൻ (ജനറൽ) വകുപ്പ് സ്വീകരിച്ച നടപടി

"ജനപ്രാതിനിധ്യ നിയമം, 1951-ലെ 59, 60 വകുപ്പുകളാണ് "Manner of Voting", "Special procedure for voting by certain classes of persons" എന്നിവ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രവാസികൾക്ക് പ്രോക്സി വോട്ട് അനുവദിക്കുന്നത് സംബന്ധിച്ച് നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ജനപ്രാതിനിധ്യ നിയമങ്ങൾ 1950, 1951 എന്നിവയിലെ യഥാക്രമം 13-A, 20 വകുപ്പുകൾ ആണ് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ചുമതലകൾ വ്യക്തമാക്കുന്നത്. തിരഞ്ഞെടുപ്പ് നടത്തുന്ന സംവിധാനത്തിന്റെ ഭാഗമായ ചീഫ് ഇലക്ടറൽ ഓഫീസർക്ക് പ്രസ്തുത ശിപാർശ പ്രകാരം ഇടപെട്ട് ഉചിതമായ നടപടി സ്വീകരിക്കുവാൻ ബാധ്യതയില്ല. കേരള നിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19) യുടെ മൂന്നാമത് റിപ്പോർട്ടിലെ പ്രവാസികളുടെ പ്രോക്സി വോട്ട് സംബന്ധിച്ച 15-ാം നമ്പർ ശിപാർശയിന്മേൽ ജനപ്രാതിനിധ്യ നിയമങ്ങൾ 1950, 1951 എന്നിവയിലെ യഥാക്രമം 13-A, 20 വകുപ്പുകളുടെ അടിസ്ഥാനത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് ഇടപെട്ട് ഉചിതമായ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല".

(ഇലക്ഷൻ (ജനറൽ) വകുപ്പ് 30-7-20 -ലെ 1484/ഇ.എൽ.3/2020/ഇലക് നമ്പർ കത്ത് മുഖേന നൽകിയ മറുപടി 3-2-22 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

ശിപാർശ - 6 (ഖണ്ഡിക - 16)

സ്വദേശിവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശത്തുള്ള തൊഴിലാളികളെ നിയമിക്കുന്ന സ്വകാര്യ കമ്പനികളും വിദേശികളുടെ ആശ്രിത വിസയിൽ കഴിയുന്നവരും പ്രവാസി ലെവി നൽകണമെന്ന നിയമം സൗദി അറേബ്യയിൽ പ്രാബല്യത്തിൽ വരുന്നത് പ്രവാസി മലയാളികളെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ലേബർ ക്യാമ്പുകളിലും കഫ്ത്തീരിയകളിലും

ജോലി നോക്കുന്ന ലക്ഷക്കണക്കിന് മലയാളികളെ ബാധിക്കുന്ന പ്രശ്നമായതിനാൽ ഇക്കാര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വരുന്ന തൊഴിലാളികൾക്കായി വരും വർഷങ്ങളിൽ പുനരധിവാസ പാക്കേജ് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ - 7 (ഖണ്ഡിക - 17)

സമീപകാലത്ത് ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിൽ കേരളത്തെക്കാൾ വളരെ മുന്നിലാണ് ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങൾ. കുടിയേറ്റത്തിലെ കുറവും മടങ്ങി വരവിലെ കുത്തൊഴുക്കും നമ്മുടെ സമ്പദ്ഘടനയിൽ പ്രകടമായ മാറ്റങ്ങൾ വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. മടങ്ങിവരുന്നവരുടെ പുനരധിവാസത്തിനായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട് എന്നത് ആശ്വാസകരമായി സമിതി കാണുന്നു. മടങ്ങി വരുന്നവരിലെ മികച്ച സംരംഭകരെ കണ്ടെത്തി വാണിജ്യ വ്യവസായ രംഗങ്ങളിൽ പ്രാതിനിധ്യം നൽകേണ്ടതാണെന്നും ആയതിന് വകുപ്പ് തലത്തിൽ ഏകോപന പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി (ശിപാർശ 6, 7)

കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാ ക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിച്ച് സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുന്നതിന് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.) പദ്ധതിയും, വിദേശത്ത് നിന്നും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് (NDPREM) പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിൽ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ലഭ്യമാക്കുന്നുണ്ട്. തിരികെ വന്നു സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു.

കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ തുടങ്ങിയ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രോജക്റ്റ്സിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകി വരുന്നു. ഇതുകൂടാതെ, കോവിഡ് പ്രതിസന്ധി മൂലം തിരിച്ചു വരുന്ന പ്രവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുനരധിവാസ പുനർസംയോജന പദ്ധതിക്ക് മാത്രമായി 50 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 2-8-21-ലെ ബി2/163/2018-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 1-9-21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

എ.സി. മൊയ്തീൻ,

*അദ്ധ്യക്ഷൻ,*

*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2022 മേയ് 4.